# പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

# നിയമസഭാ നടപടികൾ - സംഗ്രഹം

2021 മേയ് 25, ചൊവ്വ

നിയമസഭ രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട പ്രോട്ടെം സ്പീക്കർ ശ്രീ. പി. ടി. എ. റഹീമിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## സ്പീക്കർ തെരഞ്ഞെടുപ്പ്

പ്രോട്ടെം സ്പീക്കർ (ശ്രീ. പി. ടി. എ. റഹീം) : നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ശ്രീ. എം. ബി. രാജേഷിന്റെയും ശ്രീ. പി. സി. വിഷ്ണുനാഥിന്റെയും പേരുകൾ നിർദ്ദേശിച്ചുകൊണ്ടുള്ള നാമനിർദ്ദേശപത്രികകൾ ലഭിച്ചിട്ടുണ്ട്. പരിശോധനയിൽ നാമനിർദ്ദേശപത്രികകളെല്ലാം നിയമാനുസൃതമാണ്. ഒന്നിലധികം അംഗങ്ങൾ

സ്പീക്കർ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമസഭ വോട്ടെടുപ്പിലൂടെ സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മുതൽ ഇരിപ്പിടക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെ സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീ. എം. ബി. രാജേഷ്, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നിവരും വോട്ടെടുപ്പിൽ പങ്കെടുത്തു.

ശ്രീ. എം. ബി. രാജേഷിന്റെ ഏജന്റ് ശ്രീ. എ. എൻ. ഷംസീറിന്റെയും ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ഏജന്റ് ശ്രീ. അൻവർ സാദത്തിന്റെയും സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടന്നു.)

ശ്രീ. എം. ബി. രാജേഷിന് 96 വോട്ടും ശ്രീ. പി. സി. വിഷ്ണുനാഥിന് 40 വോട്ടും ലഭിച്ചതായും ശ്രീ. എം. ബി. രാജേഷിനെ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുത്തതായും പ്രോട്ടെം സ്പീക്കർ പ്രഖ്യാപിച്ചു. പുതിയ സഭാദ്ധ്യക്ഷനെ പ്രോട്ടെം സ്പീക്കർ അദ്ധ്യക്ഷസ്ഥാനം അലങ്കരിക്കുന്നതിനായി ക്ഷണിച്ചു.

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും ചേർന്ന് ശ്രീ. എം. ബി. രാജേഷിനെ അദ്ധ്യക്ഷവേദിയിലേയ്ക്ക് ആനയിച്ചു.

(ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷവേദിയിൽ ഉപവിഷ്ടനായി.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. നിയമനിർമ്മാണമടക്കമുള്ള സർക്കാരിന്റെ നടപടിക്രമങ്ങൾ കാര്യക്ഷമമായി നിറവേറ്റുന്നതിനും ജനാധിപത്യം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഭരണ-പ്രതിപക്ഷാംഗങ്ങളുടെ സഹകരണം ഉറപ്പാക്കി സഭയുടെ പരമാധികാരം ഉയർത്തിപ്പിടിക്കുന്നതിനും അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു. വിദ്യാർത്ഥി രാഷ്ട്രീയം മുതൽ ലോക്സഭാംഗം

എന്ന നിലയിലുൾപ്പെടെ വിവിധ തലങ്ങളിലെ പ്രവർത്തനപരിചയം സ്പീക്കർ പദവിയിൽ അങ്ങേയ്ക്ക് മുതൽക്കൂട്ടാകും. പ്രതിപക്ഷ ബഹുമാനത്തോടെയും പക്വതയോടെയുമുള്ള അങ്ങയുടെ സംവാദശൈലി അഭിനന്ദാർഹമാണ്. എഴുത്തുകാരൻ, പ്രഭാഷകൻ, പരിഭാഷകൻ എന്നീ നിലകളിലും പൊതുസമൂഹത്തിന്റെ അംഗീകാരം നേടുന്നതിന് അങ്ങേയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ബഹുമുഖ വ്യക്തിത്വത്തിനുടമയായ അങ്ങേയ്ക്ക് ശ്രദ്ധേയമായ നിലയിൽ സഭയെ നയിക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): കേരള നിയമസഭയുടെ ഇരുപത്തിമൂന്നാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. നിയമസഭയുടെ ഉന്നതമായ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്നതിനും സഭ നിയന്ത്രിക്കുന്നതിനും പാർലമെന്റംഗമെന്ന നിലയിലുള്ള അങ്ങയുടെ അനുഭവ പരിചയം സഹായകമാകുമെന്ന് പ്രത്യാശിക്കുന്നു. പ്രതിപക്ഷ പ്രവർത്തനത്തിന് പൂർണ്ണമായ സംരക്ഷണം അങ്ങയിൽ നിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഉന്നതനിലവാരമുള്ള സഭയായി കേരള നിയമസഭയെ മാറ്റുന്നതിന് കഴിയട്ടെയെന്ന് ആശംസിക്കുന്നതോടൊപ്പം പ്രതിപക്ഷത്തിന്റെ പൂർണ്ണമായ സഹകരണം അങ്ങേയ്ക്ക്

വാഗ്ദാനം ചെയ്യുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: പൊതുപ്രവർത്തന രംഗത്തും പാർലമെന്ററി രംഗത്തും അറിവും അനുഭവസമ്പത്തുമുള്ള അങ്ങേയ്ക്ക് ഏറ്റവും മെച്ചപ്പെട്ട രീതിയിൽ സഭയെ മുന്നോട്ടുനയിക്കാനാകുമെന്ന കാര്യത്തിൽ സംശയമില്ല. എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. ഊർജ്ജസ്വലതയോടെയുള്ള അങ്ങയുടെ ലോക്സഭയിലെ പ്രവർത്തനം ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. അങ്ങയുടെ കാലയളവിൽ സഭയിൽ നിലവാരമുള്ള ചർച്ചകൾ ഉണ്ടാകട്ടെയെന്നും സ്പീക്കറുടെ ധർമ്മം നല്ല രീതിയിൽ നിർവ്വഹിക്കാൻ സാധിക്കട്ടെയെന്നും ആശംസിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): പതിനഞ്ചാം കേരള നിയമസഭയുടെ നാഥനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അനുമോദിക്കുന്നു. കേരള നിയമസഭ കാലങ്ങളായി പരിരക്ഷിച്ചുപോരുന്ന മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനോടൊപ്പം ധാർമ്മികതയിലധിഷ്ഠിതമായ പുത്തൻ ജനാധിപത്യ മൂല്യങ്ങൾ കണ്ടെത്തി സഭാനടപടികൾ നവീകരിക്കുന്നതിനും

നടപടിക്രമങ്ങളുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് നിയമനിർമ്മാണമടക്കമുള്ള കാര്യങ്ങൾ തടസ്സപ്പെടാതെ മുന്നോട്ട് കൊണ്ടുപോകാനും സഭാംഗങ്ങളുടെ അധികാരങ്ങൾ സംരക്ഷിക്കാനും അങ്ങേയ്ക്ക് കഴിയുമെന്നതിൽ സംശയമില്ല. പാർലമെന്റിലെ മികച്ച എം.പി.-യെന്ന വിശേഷണം പ്രാപ്തമാക്കിയ അങ്ങ് ഏറ്റവുമധികം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച എം.പി.-യെന്ന നിലയിലും ജനപ്രതിനിധികൾക്ക് മാതൃകയാക്കാവുന്ന വ്യക്തിത്വം കൂടിയാണ്. അങ്ങയുടെ യുവത്വവും ഊർജ്ജസ്വലതയും സഭയുടെ ഊർജ്ജവും യുവത്വവുമായി മാറട്ടെയെന്ന് ആശംസിക്കുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് ഭാവുകങ്ങൾ നേരുന്നു. സഭയിലെ ഓരോ അംഗത്തിന്റെയും അവകാശം സംരക്ഷിക്കുന്നതോടൊപ്പം സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാനും എല്ലാവർക്കും സ്വീകാര്യനായ വ്യക്തിത്വമാകാനും അങ്ങേയ്ക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: പതിനഞ്ചാം കേരള നിയമസഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഹാർദ്ദമായി അഭിനന്ദിക്കുന്നു. സഭാ നടപടികളുടെ ഗുണനിലവാരം ഉയർത്തുന്നതിനൊപ്പം രാജ്യത്തെ മറ്റ്

നിയമസഭകൾക്ക് മാതൃകയാകുന്ന വിധത്തിൽ ആധുനികവത്ക്കരണം ഉൾപ്പെടെയുള്ള നടപടികളും അങ്ങയുടെ നേതൃത്വത്തിൽ സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഗവൺമെന്റിന്റെ ഔദ്യോഗിക ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം ഭരണ-പ്രതിപക്ഷാംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ച് മുന്നേറാനും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. ജനാധിപത്യത്തിൽ നിയമസഭയുടെ ഔന്നത്യവും സ്ഥാനവും ഉയർത്തിപ്പിടിക്കുന്നതിൽ പാർലമെന്ററി രംഗത്തെയും പൊതുരംഗത്തെയും അങ്ങയുടെ അനുഭവസമ്പത്ത് മുതൽക്കൂട്ടാവുമെന്ന് കരുതുന്നു. ഗവൺമെന്റ് ബിസിനസ് നടത്തുന്നതോടൊപ്പം സഭയിലെ ഓരോ അംഗത്തിന്റെയും അവകാശം സംരക്ഷിക്കാനും സഭാനടപടികൾ ജനങ്ങളിലേയ്ക്ക് കൂടുതൽ കാര്യക്ഷമമായി എത്തിക്കാനും നിയമസഭാ സമിതികളെ കൂടുതൽ ക്രിയാത്മകമാക്കാനും അങ്ങേയ്ക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു.

ശ്രീ. മാണി സി. കാപ്പൻ: ഇന്ത്യൻ പാർലമെന്റിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച അങ്ങേയ്ക്ക് പതിനഞ്ചാം കേരള നിയമസഭയുടെ അദ്ധ്യക്ഷനെന്ന നിലയിൽ നല്ല രീതിയിൽ പ്രവർത്തിക്കാനാകട്ടെയെന്ന് ആശംസിക്കുന്നു.

തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): ദീർഘകാല പാർലമെന്ററി പ്രവർത്തന പരിചയവും പൊതുരംഗത്തെ പരിചയവും സമന്വയിപ്പിച്ച് സഭയുടെ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോകാൻ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. അങ്ങയുടെ പരിചയസമ്പത്തും പാർലമെന്റിനകത്തും പുറത്തും നടത്തിയ മികവുറ്റ പോരാട്ടങ്ങളും കക്ഷിരാഷ്ട്രീയത്തിനതീതമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിച്ചും അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുമുള്ള അങ്ങയുടെ പ്രയാണത്തിന് ആശംസകൾ നേരുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: പതിനഞ്ചാം കേരള നിയമസഭയുടെ

സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. പാർലമെന്ററി, രാഷ്ട്രീയ രംഗത്തെ അങ്ങയുടെ ദീർഘകാല പരിചയം സഭയുടെ അന്തസ്സ് ഉയർത്തുന്നതിന് മുതൽക്കൂട്ടാകുമെന്നുള്ളത് ഉറപ്പാണ്. സഭയ്ക്കകത്തും പുറത്തും അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുതകുന്ന ശക്തമായ നിലപാടുകൾ സ്വീകരിക്കാൻ അങ്ങേയ്ക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. പാർലമെന്റ് അംഗമെന്ന നിലയിലുള്ള അങ്ങയുടെ സംഭാവനകൾ ജനാധിപത്യ സംവിധാനത്തിനുതന്നെ വിലപ്പെട്ടതാണ്. സഭയുടെ പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന രീതിയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കാൻ അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് ആശംസകൾ അർപ്പിക്കുന്നു. ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ സഭയെ നല്ല രീതിയിൽ പരിപാലിക്കാനുതകുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ അങ്ങേയ്ക്ക് സാധിക്കുമെന്ന് വിശ്വസിക്കുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് അനുമോദനം രേഖപ്പെടുത്തുന്നു. പാർലമെന്റിലെ അങ്ങയുടെ പ്രവർത്തനം സഭാംഗങ്ങൾക്കെല്ലാം മാതൃകയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. പാർലമെന്റംഗമായിരുന്നപ്പോഴുള്ള അങ്ങയുടെ അനുഭവ സമ്പത്ത് ഈ സഭയുടെ അവകാശങ്ങളെ സംരക്ഷിച്ച് നയിക്കുന്നതിന് കരുത്താകുമെന്ന കാര്യത്തിൽ സംശയമില്ല. പാർലമെന്റിൽ പ്രതിപക്ഷത്തിന്റെ ജനാധിപത്യ അവകാശങ്ങളെ ധ്വംസിച്ചുകൊണ്ട് ഭരണകൂടത്തിന്റെ ഏകാധിപത്യം അടിച്ചേൽപ്പിക്കുന്നതിനെതിരെ വീറോടെ പോരാടിയ അങ്ങ് കേരള നിയമസഭയിൽ പ്രതിപക്ഷത്തിന്റെ ജനാധിപത്യ അവകാശങ്ങളെ സംരംക്ഷിക്കുന്ന നിലപാട് സ്വീകരിക്കുമെന്ന കാര്യത്തിൽ തികഞ്ഞ പ്രത്യാശയുണ്ട്.

<u>മി. സ്പീക്കർ</u>: പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി എന്നെ തെരഞ്ഞെടുത്തതിൽ നന്ദി രേഖപ്പെടുത്തുന്നു. ഭരണഘടനയുടെയും പാർലമെന്ററി ജനാധിപത്യത്തിന്റെയും ഉന്നതമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട്

പ്രവർത്തിക്കുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകുന്നു. രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവം കാത്തുസൂക്ഷിക്കുന്നതിൽ കേരള നിയമസഭ എന്നും ജാഗ്രത പുലർത്തിയിട്ടുണ്ടെന്നത് അഭിമാനാർഹമാണ്. ചരിത്രപരമായ നിയമനിർമ്മാണങ്ങളിലൂടെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും പാവങ്ങളുടെയും ജീവിതനിലവാരം ഉയർത്തുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സഭാസമിതികളുടെ പ്രവർത്തനത്തിലടക്കം കേരള നിയമസഭ പാർലമെന്റിനും ഇതര നിയമസഭകൾക്കും മാതൃകയാണ്. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ അംഗങ്ങളുടെയും താല്പര്യം സംരക്ഷിക്കുന്നതിൽ പ്രതിജ്ഞാബദ്ധമായ നിലപാട് സ്വീകരിക്കുന്നതാണ്. പദവിയുടെ അന്തസ്സും ഔചിത്യവും പാലിച്ചുകൊണ്ടുമാത്രമേ പൊതുവിഷയങ്ങളിൽ അഭിപ്രായ പ്രകടനം നടത്തുകയുള്ളൂ. സഭയുടെ സമയം കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിയണം. ചട്ടങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും ഭേദഗതി ചെയ്യാനും സഭയ്ക്ക് അധികാരമുണ്ട്. പുതുമുഖ അംഗങ്ങൾ നിയമസഭാ ചട്ടങ്ങളെ സംബന്ധിച്ച് അവഗാഹം നേടുന്നത് സംവാദങ്ങളുടെ ഗുണമേന്മ ഉയർത്താൻ സഹായകരമാകും. നിയമസഭയെ കാലാനുസൃതമായി നവീകരിക്കുന്നതിനും ഇ-നിയമസഭ, സഭാ ടി.വി. ഉദ്യമങ്ങൾ പൂർത്തിയാക്കുന്നതിനും നടപടി

സ്വീകരിക്കുന്നതാണ്. സഭയുടെ സുഗമമായ നടത്തിപ്പിന് അംഗങ്ങളുടെയും ജീവനക്കാരുടെയും പിന്തുണയും സഹകരണവും അഭ്യർത്ഥിക്കുന്നു.

ഈ നിയമസഭയിലെ പ്രതിപക്ഷ പാർട്ടികളിൽ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ളത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പാർട്ടിക്കായതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 2(1) അനുസരിച്ച് പ്രസ്തുത പാർട്ടിയുടെ നേതാവായ ശ്രീ. വി. ഡി. സതീശനെ സഭയിലെ പ്രതിപക്ഷനേതാവായി അംഗീകരിച്ചിരിക്കുന്നു.

യു.ഡി.എഫ്.-ന്റെ പാർലമെന്ററി പാർട്ടി യോഗം ഉപനേതാവായി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ തെരഞ്ഞെടുത്ത വിവരവും സഭയെ അറിയിക്കുന്നു.

സഭ രാവിലെ 11.06-ന് പിരിഞ്ഞു.

* * * * * *